ശ്രീ. ഇ. പി. ഗോപാലൻ : ഈ പദ്ധതികൊണ്ട് ഉപയോഗം ഉണ്ടാകാവുന്ന ഒറപ്പാലം, പെരുവൽമണ്ണ താലൂക്കുകളിലെ ആളുകൾ ഇതിനു വേണ്ടി ശ്രമദാനം നടത്താൻ തയ്യാറാണെന്നു ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. ടി. അബ്ദുൽമജീദ് : ശ്രമദാനത്തിൻറെ കടമ്മല്ല ഇപ്പോൾ ഉള്ളത്.

ശ്രീ. പി. ടി. ചാക്കോ : പമ്പാവാലി സ്കീം അനുസരിച്ചു പണി ഇവിടെ കൊല്ലം നടത്തുന്നുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : നോട്ടീസുവേണം.

ശ്രീ. പി. ടി. ചാക്കോ : ഈ സാമ്പത്തികവർഷത്തിൽ സ്റ്റോറിൽ ഏതെങ്കിലും വൻകിടജലസേചനപദ്ധതികൾ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നാണ് (എ) വിഭാഗം ചോദ്യം. പമ്പാവാലി സ്കീം ഒരു വൻകിട പദ്ധതിയായിട്ടാണു കണക്കാക്കിയിട്ടുള്ളത്.

ശ്രീ. ടി. അബ്ദുൽ മജീദ് : ഇതിനെപ്പറ്റി മാത്രമേ ഇപ്പോൾ പറയാൻ കഴിയൂ.

ഹരിജന ഉദ്യോഗസ്ഥന്മാർ.

* 1552. [12] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

150 രൂ. യിൽ അധികം പ്രതിമാസശമ്പളമുള്ള ഏതു ഹരിജനങ്ങൾക്കും സ്റ്റോറുസർവ്വീസിലുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ): പൂർണ്ണവിവരങ്ങൾ ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. ഇതുവരെ കിട്ടിയ റിപ്പോർട്ടുകൾ അനുസരിച്ചു് 150 രൂപയിൽ അധികം പ്രതിമാസശമ്പളമുള്ളവർ ഇങ്ങനെ ഞാനുമാപേക്ഷിക്കുന്നതു കാണുന്നു. പൂർണ്ണവിവരങ്ങൾ ശേഖരിച്ചുവരികയാണു്.

ശ്രീ. പി. ടി. ചാക്കോ : പൂർണ്ണവിവരം ഇല്ലെങ്കിൽ ഇങ്ങനെയുള്ള വഴിയെന്നറിയ ഉത്തരങ്ങൾ പറയാതിരിക്കയാണു് നല്ലതു്.

ശ്രീ. പി. കെ. ചാത്തൻ : കിട്ടിയ ഉത്തരം പറഞ്ഞതാണു്; മുഴുവൻ ശേഖരിച്ചിട്ടില്ല.

ശ്രീ. സി. എ. മാത്യു : ഡിസ്ട്രിക്ടിൻറെ അടിസ്ഥാനത്തിലോ, ഡിപ്പാർട്ടുമെൻറടിസ്ഥാനത്തിലോ 71 പേർ ഉണ്ടെന്നു പറഞ്ഞതു് ?

ശ്രീ. പി. കെ. ചാത്തൻ : ഡിപ്പാർട്ടുമെൻറടിസ്ഥാനത്തിൽ.

ശ്രീ. പി. ടി. ചാക്കോ : ഇനി ഏതു ഡിപ്പാർട്ടുമെൻറിലെ വിവരം കിട്ടാനുണ്ടു് ?

ശ്രീ. പി. കെ. ചാത്തൻ : നോക്കി പറയാം.

LIBRARY ARCHIVES Kerala Legislative Assembly